**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4602** **19-07-2022 - ൽ മറുപടിയ്ക്ക്**

**റൂൾ കർവ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവ വകുപ്പിന്റെ കീഴിൽ ഉള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകളിൽ റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇല്ല. കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം 200 MCM-ൽ അധികം സംഭരണ ശേഷിയുള്ള ഡാമുകൾക്കാണ് റൂൾ കർവ് നിഷ്കർഷിച്ചിട്ടുള്ളത്. കാരാപ്പുഴ, മലങ്കര ഡാമുകളുടെ സംഭരണശേഷി 200 MCM ൽ താഴെയായതിനാൽ റൂൾ കർവ് ബാധകമല്ല. ഓവർ ഫ്ലോ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ ശിരുവാണി ഡാമിന് റൂൾ കർവിന്റെ ആവശ്യകതയില്ല. |
| (ബി) | റൂൾ കർവുകൾ ഇല്ലാത്ത ഡാമുകളിൽ ജലവിതാനം ക്രമീകരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത രീതി പ്രളയം പോലെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് പര്യാപ്തമാണോ; | (ബി) | കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം 200 MCM ൽ താഴെ സംഭരണ ശേഷിയുള്ള ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്ന് തലത്തിലായി Alert Level നിശ്ചയിച്ചിട്ടുള്ളതും ആയത് പാലിച്ച് കൊണ്ട് അടിയന്തിര ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതിക്ക് വിധേയമായി പ്രദേശവാസികൾക്ക് മുന്നറിയിപ്പ നൽകി കൊണ്ട് സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത രീതി പ്രളയം പോലെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് പര്യാപ്തമാണ്. |
| (സി) | പ്രളയമുണ്ടായപ്പോൾ അഭിമുഖീകരിച്ച പ്രതിസന്ധിയിൽ നിന്നും പാഠമുൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജലസംഭരണ ശേഷി 200 MCM നു മുകളിലുള്ള മലമ്പുഴ, കല്ലട എന്നീ ഡാമുകൾക്ക് റൂൾകർവ് തയ്യാറാക്കിയിട്ടുണ്ട്. 200 MCM ൽ താഴെ സംഭരണ ശേഷിയുള്ള ഡാമുകളിൽ കേന്ദ്ര ജല കമ്മീഷൻ, ദുരന്ത നിവാരണ വകുപ്പ് എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് മൺസൂൺ കാലയളവിൽ ഡാമുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കുള്ള നിർദ്ദേശങ്ങളും ഡാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗ |

| | | | |
|---|---|---|---|
| | | | രേഖകളും എല്ലാ തലത്തിലുമുള്ള കാര്യാലയങ്ങളിലേയ്ക്ക് നൽകിയിട്ടുള്ളതും ആയവ പാലിക്കുന്നുണ്ടെന്ന് യഥാസമയം ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ